**DE-01/2024/112** (Pages : 8)

Maximum : 100 marks

Time : 2 hours

1. ഉചിതമായ പദം ചേർത്ത് പൂരിപ്പിക്കുക.

   (a) നവംബർ 1 ———————— ആയി ആചരിക്കുന്നു.

   (കേരളപിറവി, കേരളപ്പിറവി)

   (b) അർജ്ജുനൻ ധനുർവിദ്യയിൽ ———————— ആയിരുന്നു.

   (അഗ്രേണ്യൻ, അഗ്രഗണ്യൻ)

   (c) 'സ്തുതി' എന്ന പദത്തിന്റെ വിപരീതം.

   (നിന്ദ, നിന്ത)

   (d) തൻകാര്യപ്രാപ്തിക്കായി മറ്റുള്ളവർക്കുമുന്നിൽ ———————— നിൽക്കാൻ എല്ലാവർക്കും കഴിയില്ല.

   (ഓച്ഛാനിച്ച്, ഓച്ചാനിച്ച്)

   (e) ഈ ലോകവും പരലോകവും സൂചിപ്പിക്കുന്ന പദം.

   (ഇഹപരം, ഇതരലോകം)

   (f) 'മിന്നും ഉഡുക്കളിൽ ദൃശ്യമാണിപ്പോഴും' ഇതിൽ 'ഉഡു' എന്ന വാക്ക് സൂചിപ്പിക്കുന്നത്

   (നക്ഷത്രം, മിന്നാമിനുങ്ങ്)

   (g) പടയണി ഒരു ———————— കലാരൂപമാണ്.

   (അനുഷ്ഠാനം, അനുഷ്ഠാനം)

   (h) കേരളീയ സാമൂഹിക ———————— യെ അടയാളപ്പെടുത്തുന്ന നോവലായിരുന്നു ഇന്ദുലേഖ.

   (വ്യവസ്ഥിതി, വ്യവസ്ഥിഥി)

[P.T.O.]

(i) മുൻ മുഖ്യമന്ത്രിയുടെ പ്രതിമ ഗവർണ്ണർ ―――――― ചെയ്തു.

(ആച്ഛാദനം, അനാച്ഛാദനം)

(j) സ്വന്തതീരുമാനത്തിൽ ഉറച്ചു നിൽക്കുന്ന സ്വഭാവം ―――――― ആണ്.

(സ്വപ്രത്യയസ്ഥൈര്യം, സ്വപ്രത്യയസ്ഥൈര്യം)

**(10 × 1 = 10 Marks)**

2. താഴെ തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

സമകാലികരായ എഴുത്തുകാരിൽ പലരും പരത്തിയെഴുതിയപ്പോൾ ബഷീർ അനുഭവങ്ങളെ ആറ്റിക്കുറുക്കിയെഴുതി. വെട്ടിയും തിരുത്തിയും കഥാവഴികളെ തെളിച്ചമുള്ളതാക്കി. ആദ്യ എഴുത്തിൽ 'ബാല്യകാലസഖി'യ്ക്ക് അഞ്ഞൂറോളം പേജുകൾ ഉണ്ടായിരുന്നു. ഒടുവിൽ പ്രസിദ്ധീകരിച്ചപ്പോഴോ 75 പേജുകൾ മാത്രം. ആ നോവലിന്റെ അവതാരികയിൽ എം.പി. പോൾ എഴുതി : "ബാല്യകാലസഖി ജീവിതത്തിൽ നിന്നും വലിച്ചു ചീന്തിയ ഒരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു". 'ചെറുതാണ് സുന്ദരം' എന്ന പ്രയോഗത്തെ ബഷീർ കൃതികളോളം ശരിവയ്ക്കുന്ന മറ്റധികം രചനകൾ മലയാളത്തിലില്ല. 1908-ൽ തലയോലപ്പറമ്പിൽ ജനിച്ച ബഷീർ അലഞ്ഞുതിരിയാത്ത നാടുകളും ചെയ്യാത്ത ജോലികളും കുറവാണ്. ആ അനുഭവപ്രപഞ്ചമാണ് ബഷീർ കൃതികളുടെ കാതലുറപ്പിന് കാരണം. എഴുത്തിൽ പല ഇനങ്ങളും ഉദിച്ചസ്തമിച്ചിട്ടും ബഷീർ കൃതികൾ പുതുമ നഷ്ടമാകാതെ കാലാതീതമായി തുടരുന്നു. 'ഏകാന്തതയുടെ അപാരതീരം', 'സുന്ദരസുരഭില രഹസ്യം' വെളിച്ചത്തിനെന്തൊരു വെളിച്ചം തുടങ്ങിയ പ്രയോഗങ്ങളുടെ വശ്യത ലേശവും കുറഞ്ഞിട്ടില്ല.

എന്തുകൊണ്ട് എഴുത്തുകാരനായതെന്ന് തന്റേതായ ശൈലിയിൽ ബഷീർ പറഞ്ഞിട്ടുണ്ട്. 'കുഴിമടിയന്മാരായ ബഡുക്കൂസുകൾക്ക് പറ്റിയ പണിയെപ്പറ്റി തലപുകഞ്ഞ് ആലോചിച്ചപ്പോൾ നിധി കിട്ടിയ മാതിരി ഒരെണ്ണം കിട്ടി. സാഹിത്യം. എഴുത്തുകാരനാകുക. വലിയ ബുദ്ധിയൊന്നും വേണ്ട. ഭാവനയും വേണ്ട. ചുമ്മാ എവിടെയെങ്കിലും കുത്തിയിരുന്ന് എഴുതിയാൽ മതി. അനുഭവങ്ങൾ ഇച്ചിരിപ്പിടിയോളമുണ്ടല്ലോ. അവനെയൊക്കെ കാച്ചിയാൽ മതി. എഴുതി.'

ഭഗത്സിങ്ങിനെപ്പോലെ മീശ പിരിച്ചുവച്ച്, തൊപ്പി ധരിച്ചു നടന്ന കാലമുണ്ടായിരുന്നു ബഷീറിന്; സ്വാതന്ത്ര്യം ബ്രിട്ടീഷുകാർ താലത്തിൽ വച്ചു നീട്ടുകയില്ലെന്നും സായുധപ്പോരാട്ട

ത്തിലൂടെ പിടിച്ചുവാങ്ങണമെന്നും ഉറപ്പിച്ചിരുന്ന വിപ്ലവവീര്യത്തിന്റെ നാളുകൾ. 'ഉജ്ജീവനം' എന്ന പ്രസിദ്ധീകരണത്തിലൂടെ പോലീസിന്റെ കണ്ണിലെ കരടായി. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയും ജയിലിൽ കിടക്കുകയും ചെയ്തു. 1994 ജൂലൈ അഞ്ചിന് ബഷീർ ഓർമ്മയായി.

(a) സമകാലിക എഴുത്തുകാരിൽ നിന്നും ബഷീർ വ്യത്യസ്തനായത് എങ്ങനെ?

(b) 'ബാല്യകാലസഖി'യ്ക്ക് അവതാരിക എഴുതിയതാര്?

(c) അവതാരികയിൽ 'ബാല്യകാലസഖി'യെക്കുറിച്ചുള്ള പരാമർശം എന്തായിരുന്നു?

(d) ബഷീറിന്റെ ജന്മസ്ഥലം എവിടെ ആയിരുന്നു ?

(e) ബഷീർ കൃതികളുടെ കാതലുറപ്പിന് കാരണമായി ലേഖനത്തിൽ പറയുന്നതെന്ത് ?

(f) വശ്യത ലേശവും കുറഞ്ഞിട്ടില്ലാത്ത ബഷീറിന്റെ പ്രയോഗങ്ങൾ കണ്ടെത്തി എഴുതുക.

(g) എന്തുകൊണ്ട് എഴുത്തുകാരനായി എന്ന് സ്വന്തം ശൈലിയിൽ ബഷീർ പറയുന്ന തെങ്ങനെ?

(h) സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള ബഷീറിന്റെ കാഴ്ചപ്പാട് എന്തായിരുന്നു?

(i) പോലീസിന്റെ കണ്ണിലെ കരടായി ബഷീറിനെ മാറ്റിയ പ്രസിദ്ധീകരണം ഏത്?

(j) ബഷീറിന്റെ ചരമദിനം എന്ന്?

**(10 × 1 = 10 Marks)**

3. ആശയം വ്യക്തമാക്കുക.

(a) 'പാഥസാം നിചയം വാർന്നൊഴിഞ്ഞളവ്
സേതുബന്ധനോദ്യോഗമെന്തെടോ'

(b) 'മൃത്യുവശഗതനായ പുരുഷനു
സിദ്ധൗഷധങ്ങളുമേല്ക്കയില്ലേതുമേ'

(c) 'ആയിരം മണിയുടെ നാവടക്കീടാമൊറ്റ

വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ'

(d) മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും

കല്ലിനുമുണ്ടാമൊരു സൗരഭ്യം

(e) ഉച്ചിവച്ചകൈയ്യാൽ ഉദകക്രിയ ചെയ്യിക്കരുത്

**(5 × 2 = 10 Marks)**

4. ശരിയായ വാക്ക് തെരഞ്ഞെടുക്കുക.

| | | |
|---|---|---|
| (a) | ഔദ്യോഗികം | ഔദ്യോദികം |
| (b) | ഭയാക്രാന്തൻ | ഭയക്രാന്തൻ |
| (c) | അസ്പ്രശ്യം | അസ്പൃശ്യം |
| (d) | അസ്പന്തം | അസ്പന്ദം |
| (e) | ത്രിവർണ്ണാങ്കിതം | തൃവർണ്ണാങ്കിതം |
| (f) | തദനന്തരം | തതനന്തരം |
| (g) | മനധർമ്മം | മനോധർമ്മം |
| (h) | അഭ്യർധന | അഭ്യർത്ഥന |
| (i) | പ്രൗഢപ്രബന്ധം | പ്രൗടപ്രബന്ധം |
| (j) | ഉച്ഛിഷ്ടം | ഉച്ചിഷ്ടം |

**(10 × 1 = 10 Marks)**

5. മൂന്നിലൊന്നായി സംഗ്രഹിക്കുക.

സാധ്യതകളുടെ ഒരു വിസ്തൃത സാമ്രാജ്യത്തെ തുറന്നിടുകയാണ് തർജ്ജമ ചെയ്യുന്നത്. എഴുത്തുകാരന്റെ സൃഷ്ടിയിലേക്ക് ആരും കണ്ടിട്ടില്ലാത്ത ഊടുവഴികൾ തുറന്നിടുന്ന കർമ്മമാണ് തർജ്ജമകാരന്റേത്. ഒരു തലത്തിൽ മൂലകൃതിയെ രൂപാന്തരണം ചെയ്യാൻ വരെ തർജ്ജമയ്ക്ക് സാധിക്കും. (മൂലകൃതിയേക്കാൾ നല്ല തർജ്ജമയെന്ന് വിശേഷിപ്പിക്കുമ്പോൾ അത് തമാശയായി കാണേണ്ടതില്ലെന്ന് പറയേണ്ടിവരുന്നു). കണ്ണാടിയിലേക്ക് നോക്കുമ്പോൾ ഒരാൾക്ക് തന്റേതല്ലാത്ത, അന്യനായ ഒരാളുടെ  പ്രതിബിംബം കാണുന്നതിന് തുല്യമാണ് തർജ്ജമയെന്ന പ്രവൃത്തിയെന്ന് പറയാനാവുമെന്ന് ലേഖിക ചൂണ്ടിക്കാട്ടുന്നു.

ഭാഷാരമായ വിഭിന്ന ഘടകങ്ങളെ സംഘടിപ്പിക്കുകയാണ് തർജ്ജമ ചെയ്യുന്നതെന്ന് പറയാറുണ്ട്. ഒരു പ്രവാസത്തെ മെരുക്കിയെടുക്കുകയെന്ന കർമ്മമാണ് അത് നടത്തുന്നത്. ഇറ്റാലിയൻ ഭാഷയിൽ തർജ്ജമയ്ക്ക് തുല്യമായ 'ട്രാഡുസിയോൺ' എന്ന വാക്ക് അതിന്റെ അർത്ഥവൈപുല്യം വെളിപ്പെടുത്തുന്നു. സംശയത്തിന്റെ പേരിൽ തടങ്കലില്ലാക്കപ്പെടുന്ന വ്യക്തികളെ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതിനെയാണ് 'ട്രാഡുസിയോൺ' എന്ന വാക്ക് അർത്ഥമാക്കുന്നത്. തർജ്ജമയെന്ന ഭാഷാവ്യാപാരത്തിലൂടെ ജയിൽപ്പുള്ളികളെപ്പോലെ ഭാഷയും ഒരു കടത്തിക്കൊണ്ടുപോകലിന് വിധേയമാക്കപ്പെടുകയാണ്. അയത്നലളിതവും സ്വേച്ഛാപൂർവ്വകവുമായ ചലനം തടവുകാർക്കെന്നപോലെ തർജ്ജമക്കാരനും നിഷേധിക്കപ്പെടുന്നതിനാൽ തർജ്ജമ ഒരു സവിശേഷമായ രചനാരൂപമായിത്തീരുന്നു. രണ്ടു  പാഠങ്ങൾ തമ്മിലുള്ള ഗാഢമെങ്കിലും അപൂർണ്ണമായ ബന്ധമാണ് തർജ്ജമയിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതെന്ന് പറയാവുന്നതാണ്. ഓരോ വ്യക്തിബന്ധത്തിലും തർജ്ജമയ്ക്ക് തുല്യമായ ഒരു വ്യാപാരം നടക്കുന്നുണ്ടെന്ന് പറയാറുണ്ട്. ആശയങ്ങളും നൈമിഷികമായ അനുഭവങ്ങളും പരസ്പരം കൈമാറുമ്പോൾ അത് തർജ്ജമയ്ക്ക് തുല്യമായ പ്രവൃത്തിയായി മാറുന്നു.

സ്വയം കണ്ടെത്താൻ സഹായിക്കുന്ന ഒരു പ്രവൃത്തിയായി തർജ്ജമയെ 'ജുംപാലാഹിരി' വിലയിരുത്തുമ്പോൾ അത് നമുക്ക് വെളിച്ചം പകരുന്ന ഒന്നായി മാറുന്നു. ഭാഷയുടെ ദുരൂഹമായ തലങ്ങളിലേക്ക് എഴുത്തുകാരെ നയിക്കുന്ന ഒരു വ്യാപാരമായി തർജ്ജമ മാറുന്നു.

സ്വയം സർഗ്ഗാത്മകമായ രചനകളിലേർപ്പെടുന്നവർക്കാണ് തർജ്ജമയുടെ വിപുലമായ സാധ്യതകളെ വിശദമായി മനസ്സിലാക്കാനാവുന്നത്. ഭാഷാ സമുദ്രത്തിലൂടെ നീണ്ട ദൂരത്തിലേക്കും കൂടുതൽ ആഴത്തിലേക്കും സഞ്ചരിക്കാൻ തർജ്ജമ ചെയ്യുന്ന ഒരാൾക്ക് സാധിക്കുന്നു. ഒരേ പ്രവൃത്തിയുടെ രണ്ടു വശങ്ങളായി എഴുത്തിനെയും തർജ്ജമയേയും കാണുമ്പോൾ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ വികസിച്ചു വരുന്നു.

**(1 × 10 = 10 Marks)**

6. കത്ത് തയ്യാറാക്കുക.

ഭരണഭാഷ മലയാളമായിട്ടും പല സർക്കാർ ഉത്തരവുകളും ഇപ്പോഴും ഇംഗ്ലീഷിലാണ് പുറത്തിറങ്ങുന്നത്. ഇക്കാര്യം പരിശോധിക്കണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറിക്ക് ഒരു കത്ത് തയ്യാറാക്കുക.

**(1 × 10 = 10 Marks)**

7. വിട്ടുപോയ അക്ഷരങ്ങൾ പൂരിപ്പിക്കുക

(a) അവര—ൻ

(ച, ജ)

(b) ഇന്ദ്ര—നുസ്സ്

(ധ, ദ)

(c) ഉ—ലം

(ജ്വ, ജ്ജ്വ)

(d) പതി—ത

(വ്ര, വ്യ)

(e) മൂ—ൻ

(ഢ, ഡ)

(f) അനു—ഹീതം

(ഗ്യ, ഗ്ര)

(g) മേ—ശക്തി

(ദാ, ധാ)

(h) അഭി—ൻ

(ജ്ഞ, ഞ്ജ)

(i) പ്ര—രപ്രയോഗം

(ജ്യ, ച്യ)

(j) കനി—ൻ

(ഷ്ഠ, ഷ്ഠ)

**(10 × 1 = 10 Marks)**

8. നൂറ് വാക്കിൽ കവിയാത്തവിധം ഉപന്യാസം തയ്യാറാക്കുക.

'ജനാധിപത്യവും മാധ്യമ സ്വാതന്ത്ര്യവും'

**(10 Marks)**

9. സംഭാഷണഭാഗം പൂർത്തീകരിക്കുക.

ഗോപി : ഹലോ രാജൂ നിങ്ങൾ എന്നാ തിരുവനന്തപുരത്ത് പോകുന്നത്?

രാജു :

ഗോപി :

രാജു : നീ കൂടി ഉണ്ടെങ്കിൽ നമുക്ക് ഒരു മിച്ച് കാറിൽ പോകാം. സ്മിതയേയും കൂട്ടിക്കോളൂ. ഗീതയ്ക്ക് ഒരു കൂട്ടും ആകുമല്ലോ

ഗോപി :

രാജു :

ഗോപി : അതേ ബാക്കിയെല്ലാം നേരിൽ കാണുമ്പോൾ സംസാരിച്ച് ഉറപ്പിക്കാം. ഇനിയും 5 ദിവസം കൂടി ഉണ്ടല്ലോ. ബൈ.

**(1 × 10 = 10 Marks)**

10. താഴെ കൊടുത്തിട്ടുള്ള കഥാസന്ദർഭം വികസിപ്പിച്ച് കഥാരൂപത്തിലാക്കുക.

ഒരിടത്ത് ഒരു ധനികൻ — മകൻ പക്ഷിസ്നേഹി — ഒരു ആൺതത്തയെയും പെൺതത്തയെയും — സ്വർണ്ണക്കൂട് — ഇഷ്ടഭക്ഷണം — തത്തകൾ സന്തോഷിച്ചു — എല്ലാ ദിവസവും — കാക്ക — എച്ചിൽ — തത്തകൾക്ക് ചിരി വന്നു — കൂട്ടിലെ ഭക്ഷണം കാട്ടി പരിഹസിച്ചു — കാക്ക ചിറകു വിടർത്തി — സ്വർണ്ണക്കൂട്ടിലായാലും ബന്ധനം ബന്ധനം തന്നെയാണ് — അനന്തവിഹായസ്സിലേക്ക് പറന്നുപോയി.

**(1 × 10 = 10 Marks)**

---